65

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 AUGUST 2024









# ചരിത്രം സൃഷ്ടിക്കാനൊരുങ്ങി ക്യാമ്പസ് വ്യവസായ പാർക്കുകൾ

ഇന്ത്യയിൽ ആദ്യമായി സംരംഭക മേഖലയിൽ പുതു മാതൃക ഒരുക്കി സംസ്ഥാനം. സംസ്ഥാനത്തെ 25 ക്യാമ്പസുകളിലാകും ഈ വർഷം വ്യവസായ പാർക്ക് ആരംഭിക്കുക. തിരുവനന്തപുരം റെസിഡൻസി ടവറിൽ സംസ്ഥാന വ്യവസായ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തുടനീളം ഉന്നത/സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലുള്ള ഉപയോഗശൂന്യമായ ഭൂമി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഉപയോഗപ്പെടുത്തുക എന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. വ്യാവസായിക ആവശ്യത്തിന് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നത് വഴി വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വം വളർത്തുവാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപ്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാനും സാധിക്കുന്നതാണ്.

അക്കാദമിക് മേഖലയും തൊഴിൽമേഖലയും തമ്മിലുള്ള അന്തരം കുറയ്ക്കാൻ വ്യവസായ പാർക്കുകൾ സഹായകരമാകും. ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ നവീന ആശയങ്ങളുടെ സാക്ഷാത്ക്കാരവും സംരംഭകത്വ പ്രോത്സാഹനവും സാധ്യമാക്കുകയാണ് ലക്ഷ്യം. നിലവിൽ താൽപര്യം പ്രകടിപ്പിച്ച 80 സ്ഥാപനങ്ങളിൽ മികവുള്ള അമ്പതെണ്ണംവരെ പരിഗണിക്കും. പദ്ധതിയുടെ നിലവാരത്തിൽ വിട്ടുവീഴ്ചയുണ്ടാകില്ലെന്നും ബഹു. മന്ത്രി പറഞ്ഞു.




മെഡിക്കൽ കോളേജുകളിലും വ്യവസായപാർക്ക് ആരംഭിക്കുന്നത് ആലോചിക്കും. യുജിസി, എഐസിടിഇ മാനദണ്ഡപ്രകാരം വിദ്യാഭ്യാസ ആവശ്യം കഴിഞ്ഞ് അവശേഷിക്കുന്ന സ്ഥലമാണ് വ്യവസായ പാർക്കിനായി ഉപയോഗിക്കുക. കോളേജിനോട് ചേർന്ന് സ്ഥലമില്ലെങ്കിൽ കോളേജിനു കിഴിലുള്ള ഉചിതമായ സ്ഥലത്ത് പാർക്ക് ആരംഭിക്കാം. ഇൻഡസ്ട്രിയൽ പ്രോഡക്ട് ഓഫ് ദി റിസർച്ച് ഔട്ട്കം, പ്രൊജക്ട്സ് ഓഫ് ദി ഫാക്കൽറ്റി, പൂർവ വിദ്യാർഥികൾ എന്നിവർക്കാണ് പ്രഥമ പരിഗണന.ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി സജ്ജമാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനവും പ്രസ്തുത പരിപാടിയോടനുബന്ധമായി ബഹു. മന്ത്രി നിർവ്വഹിച്ചു.

സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, കോളജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശ്രീ. കെ. സുധീർ ഐ.എ.എസ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

## രാജ്യത്ത് ആദ്യമായി സംരംഭകത്വ സൂചിക പ്രഖ്യാപിച്ച് കേരളം

രാജ്യത്താദ്യമായി കേരളം സംരംഭകത്വ സൂചിക പ്രഖ്യാപിക്കുന്നു. കൊച്ചിയിൽ വ്യവസായ - വാണിജ്യവകുപ്പും കെഎസ്ഐഡിസിയും സംയുക്തമായി സംഘടിപ്പിച്ച തുടർനിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്യവെ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവാണ് ഇക്കാര്യം പ്രഖ്യാപിച്ചത്.



സംരംഭകത്വ സൂചിക മൂന്ന് മാസത്തിനുള്ളിൽ നിലവിൽ വരും. ഇത് വരുന്നതോടെ എല്ലാ ജില്ലകൾക്കും റാങ്കിംഗ് ഉണ്ടാകും. വ്യവസായ സൗഹൃദഘടകങ്ങൾ അടിസ്ഥാനമാക്കിയാകും ഇത് തീരുമാനിക്കുന്നത്. ഏത് വ്യവസായത്തിന് ഏത് ജില്ലയാണ് മികച്ച് നിൽക്കുന്നത്, കൂടുതൽ അവസരം ഏത് ജില്ലകൾക്കാണ് തുടങ്ങിയ മാതൃകയിലാണ് ഇത് നടപ്പാക്കുന്നത്. ആരോഗ്യമേഖലയിൽ പുറത്തിറക്കുന്ന സൂചികകളുടെ മാതൃക തന്നെയാണ് സംരംഭകത്വ സൂചികയിലും അവലംബിച്ചിരിക്കുന്നത്.

അടുത്ത രണ്ട് വർഷങ്ങൾ നിക്ഷേപങ്ങളുടെ വർഷമായി കണക്കാക്കും. ഗ്രാമീണതലം മുതൽ നിക്ഷേപസമാഹരണത്തിന് പഞ്ചായത്തുകൾ തോറും നിക്ഷേപക സംഗമം നടത്തും. സെപ്തംബർ - ഒക്ടോബർ മാസങ്ങളിലാണ് ഇത് നടത്തുന്നത്. അതത് പഞ്ചായത്തുകളിലെ വ്യവസായ കാഴ്ചപ്പാടും നിക്ഷേപ സാധ്യതകളും ഇതിലൂടെ വിലയിരുത്താനാകുമെന്നും ബഹു. മന്ത്രി പറഞ്ഞു.






# ഈ മണ്ണിൽ നമുക്കൊന്നിച്ച് വളരാം

## കേരളത്തിന്റെ വ്യവസായ ചരിത്രത്തിലെ നവീനാനുഭവമായി തുടർനിക്ഷേപക സംഗമം

സംരംഭകർക്കും നിക്ഷേപകർക്കും വളർച്ചയ്ക്ക് സഹായകമാകുന്ന കേരളത്തിന്റെ സൗഹൃദാന്തരീക്ഷത്തിന് അഭിമാനം പകർന്നു തുടർനിക്ഷേപക സംഗമം സംഘടിപ്പിച്ചു. സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിച്ച തുടർനിക്ഷപക സംഗമത്തിൽ തെരഞ്ഞെടുത്ത 282 സംരംഭകരാണ് പങ്കെടുത്തത്. ഇതിൽ 30 സംരംഭങ്ങൾ 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം നടത്തിയവയാണ്. 2024 ജൂലൈ 29 ന് എറണാകുളം ലേ മെറിഡിയൻ ഹോട്ടലിൽ സംഘടിപ്പിച്ച തുടർനിക്ഷേപക സംഗമത്തിന്റെ ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് നിർവഹിച്ചു.

അഞ്ച് കോടിയ്ക്ക് മുകളിൽ നിക്ഷേപം നടത്തിയ 300 ഓളം സംരംഭകരിൽ നിന്നായി സംസ്ഥാനത്ത് 11537.40 കോടി രൂപയുടെ നിക്ഷേപം നടന്നുവെന്ന്

**അഞ്ച് കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം നടത്തിയ 300 ഓളം സംരംഭകരിൽ നിന്നായി സംസ്ഥാനത്ത് 11537.40 കോടി രൂപയുടെ**

അദ്ദേഹം പറഞ്ഞു. തുടർനിക്ഷേപക സംഗമത്തിൽ തെരഞ്ഞെടുത്ത 282 സംരംഭകരാണ് പങ്കെടുത്തത്. ഇതിൽ 30 സംരംഭങ്ങൾ 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപം നടത്തിയവയാണ്. കൂടുതൽ സംരംഭങ്ങളെ ആകർഷിക്കുന്നതിന് വേണ്ടി താലൂക്ക് തലത്തിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൻറർ തുടങ്ങും. ചുവപ്പുനാടകളിൽ കുരുങ്ങാതെ നിയമത്തിനകത്ത് നിന്നു കൊണ്ട് പ്രായോഗികമായി പ്രതിസന്ധികൾ പരിഹരിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രം ജനൽ മാനേജർമാർ നേരിട്ട് ഇതിൻറെ മേൽനോട്ടം വഹിക്കണം. ഓരോ സംരംഭത്തിന്റെയും നിർമ്മാണ പുരോഗതി ഫോട്ടോ സഹിതം ഓരോ മാസവും ഓൺലൈനായി അപ് ലോഡ് ചെയ്യണമെന്നും അതിനായി സംവിധാനമുണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആധുനിക മേഖലകൾ തുടങ്ങി പരമ്പരാഗത വ്യവസായത്തിൽ വരെ സംസ്ഥാനത്ത് നിക്ഷേപം എത്തിയിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വ്യവസായവ കുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് പറഞ്ഞു. അനുകൂലമായ നിക്ഷേപ അവസരത്തെ ഉപയോഗപ്പെടുത്താൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ താഴെത്തട്ടിലേക്കിറങ്ങണം. വ്യവസായത്തിനും നിക്ഷേപത്തിനും സൗഹാർദ്ദപരമായ സഹായം വ്യവസായ വകുപ്പ് കൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംരംഭങ്ങൾക്കുള്ള അനുമതിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ആശയവിനിമയം നടത്താനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ടെന്ന് കെഎസ്ഐഡിസി എംഡിയും വ്യവസായ - വാണിജ്യവകുപ്പ് ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് പറഞ്ഞു.

കെ.എസ്.ഐ.ഡി.സി. ചെയർമാൻ ശ്രീ.പോൾ ആന്റണി ഐ.എ.എസ്. (റിട്ട), കെ.എസ്. ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികൃഷ്ണൻ, കിൻഫ്ര എം.ഡി. ശ്രീ. സന്തോഷ് കോശി തോമസ്, വ്യവസായ - വാണിജ്യ വകുപ്പ് അഡി. ഡയറക്ടർ ഡോ. കെ.എസ്. കൃപകുമാർ, കെഎസ്എസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, ഫിക്കി കൊ - ചെയർ ശ്രീ. ദീപക് അസ്വാനി, സി.ഐ.ഐ. മുൻ ചെയർമാൻ ശ്രീ. നവാസ് മീരാൻ തുടങ്ങിയവർ സംസാരിച്ചു.

## വ്യവസായികളെ ഇതിലെ...

### പാട്ടവ്യവസ്ഥകൾ ഉദാരമാക്കി ചട്ടഭേദഗതി

വ്യവസായ ആവശ്യങ്ങൾക്കും സംരംഭങ്ങൾക്കും കിൻഫ്രയുടെയും കെഎസ്ഐഡിസിയുടെയും ഭൂമി നൽകാനുള്ള ചട്ടം (ലാൻഡ് ഡിസ്പോസൽ റെഗുലേഷൻസ്) ഭൂമി വിതരണ ചട്ടങ്ങൾ പരിഷ്ക്കരിച്ച് സംസ്ഥാന വ്യവസായ വകുപ്പ്. വ്യവസായ മേഖലയിൽ നിക്ഷേപവും വളർച്ചയും പ്രോത്സാ ഹിപ്പിക്കാനും വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താനുമാണ് പരിഷ്കരണം.

ഇനി മുതൽ ആദ്യവർഷം പാട്ടത്തുകയുടെ പത്തു ശതമാനം മാത്രം അടച്ചാൽ മതി. രണ്ടുവർഷം മൊറട്ടോറിയവും പാട്ടകാലാവധി 90 വർഷവുമാക്കിയിട്ടുണ്ട്. നിലവിൽ പാട്ടക്കാലാവധി 30 - 60 വർഷം ആണ്. പാട്ടത്തുകയുടെ പത്തുശതമാനം മുൻകൂറായും 50 ശതമാനം ഒരു മാസത്തിനകവും നൽകണം. ബാക്കി തുക പലിശ സഹിതം രണ്ടുവർഷം കൊണ്ട് രണ്ടു ഗഡുക്കളായും അടയ്ക്കണമെന്നാണ് ചട്ടം. ഇതിലാണ് ഭേദഗതി വരുത്തിയത്. ഇനിമുതൽ നിക്ഷേപകർക്ക് 60 വർഷത്തേക്ക് ഭൂമി അനുവദിക്കും. 100 കോടി രൂപക്ക് മുകളിലെ നിക്ഷേപമാണെങ്കിൽ 90 വർഷം വരെ കാലാവധി നൽകും. പത്ത് ഏക്കർ ഭൂമിയാണ് അനുവദിക്കുക.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.